ഭരണഭാഷ-മാതൃഭാഷ


## എടവക ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 670645 GSTIN:32AAALE0554H1ZN
ഫോൺ നമ്പർ : 0493-5294366
gpedavaka@gmail.com


നമ്പർ: 5399104-2026 തീയതി : 06-07-2026

## അറിയിപ്പ്

വിഷയം: എടവക ഗ്രാമപഞ്ചായത്ത് പീച്ചംകോട് വെയിറ്റിംഗ് ഷെഡ് പൊളിച്ചപ്പോൾ ലഭ്യമായ 721 പഴയ ഇഷ്ടികകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച്

സൂചന: 1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച വാല്യൂവേഷൻ

എടവക ഗ്രാമപഞ്ചായത്ത് ബസ് നവീകരണവുമായി ബന്ധപ്പെട്ട് പീച്ചംകോട് ബസ് വെയിറ്റിംഗ് ഷെഡ്ഡുകളുടെ നവീകരണം നടത്തുന്ന സാഹചര്യത്തിൽ പീച്ചംകോട് ബസ് വെയിറ്റിംഗ് ഷെഡ് പൊളിച്ചപ്പോൾ7 ഉള്ള 721എണ്ണംഇഷ്ടികകൾ നിലവിൽ ഉള്ള സ്ഥലത്ത് ഏതവസ്ഥയിലാണോ അതേ അവസ്ഥയിൽ ലേലം ചെയ്തു വില്കുന്നു.

| ക്രമനം | ഇനം | എണ്ണം | മൂല്യം | ജിഎസ്റ്റി | നിരതദ്രവ്യം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഇഷ്ടികകൾ | 721 എണ്ണം | 2220 | SGST-9%=200<br>CGST-9%=200 | 500 | |

ലേല സ്ഥലം :എടവക ഗ്രാമപഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ

ലേല തീയതി :13.07.2026 3 മണി

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ദിവസം ( 13.07.2026 തിങ്കൾ ) പകൽ3മണിക്ക് മുമ്പായി നിരതദ്രവ്യം പഞ്ചായത്ത് ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്.നിശ്ചിത സമയത്തിനകം നിരതദ്രവ്യം കെട്ടിവയ്ക്കാത്തവർക്ക് ലേലത്തിൽ പങ്കെടുക്കാൻ കഴിയുന്നതല്ല.3.30 മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലേലം നടത്തുന്നതാണ്. ലേലം കൂടുതൽ തുക യ്ക്ക് വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താല്കാലികമായി സ്ഥിരപ്പെടുത്തുന്നതിനും ഭരണസമിതി തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതുമാണ്.ലേലംതുകയും ജി എസ് റ്റി /നിയമാനുസൃത മറ്റ് നികുതികൾ സഹിതം മുഴുവൻ തുകയുടെ 75% അന്നേദിവസം കെട്ടിവയ്കേണ്ടതാണ്. ലേലം ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം ലേലം നടത്തുന്നതായിരിക്കും . ഭരണസമിതി തീരുമാനത്തിന് വിധേയമായി ബാക്കി തുക അറിയിപ്പ് നല്കുന്ന മുറയ്ക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. തുക പഞ്ചായത്ത് ഓഫീസിൽ അടവാക്കി ടി ഇഷ്ടികകൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഈ

ഓഫീസിൽ നിന്ന് അന്വേഷിച്ചറിയാവുന്നതാണ്. ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ലേലം അംഗികരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

മറ്റു നിബന്ധനകൾ

1) എടവക ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും മുൻലേലം പ്രകാരം തവണ സംഖ്യകൾ അടക്കാതെ കുടിശ്ശിക വരുത്തിയവരെയും കഴിഞ്ഞകാലകരാർ പൂർണ്ണമായും കൃത്യമായും പാലിക്കാത്തവരേയും കോടതി പാപ്പരായി പ്രഖ്യാപിച്ചിട്ടുള്ളവരെയും ഒരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല .

2)ലേലത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ് / ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഒന്നിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

3)ലേലത്തിൽ ഒന്നാമതുള്ളവരുടെതൊഴികെ നിരതദ്രവ്യം ലേലത്തിന് ശേഷം മടക്കി നല്കുന്നതാണ്

4)നിരത ദ്രവ്യം കെട്ടിവക്കുന്ന തുകയ്ക്കും ലേലം തുകയ്ക്കും ചെക്ക് സ്വീകരിക്കുന്നതല്ല

5)ലേലം പഞ്ചായത്ത് കമ്മിറ്റി അംഗികരിച്ച് അറിയിപ്പ് ലഭിച്ച ഉടൻ സ്വന്തം ചെലവിൽ ഇഷ്ടികകൾ പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്.

Document certified by MUHAMMED IQBAL V K
<IQBALVKIBRAHIM@GMAIL.COM>

Digitally signed by MUHAMMED IQBAL V K
Date: 2026.07.06 16:00:54 IST
Reason: KSMART

സെക്രട്ടറി

സ്വീകർത്താവ്

എടവക ഗ്രാമപഞ്ചായത്ത്
നോട്ടീസ് ബോർഡ്